**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2164** **01-09-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ വിദ്യാർത്ഥികളുടെ ഫീസ് നിർണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ 2022 വർഷത്തെ പ്രവേശനത്തിന് മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശ പ്രകാരമുള്ള ഫീസ് നിർണയം പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | NMC/US(NMC)/Fee-Regulating Committee/2021-02നമ്പറായ നാഷണൽ മെഡിക്കൽ കമ്മീഷന്റെ 03/02/2022-ലെ ഓഫീസ് മെമ്മോറാണ്ടത്തിലെ നിർദേശങ്ങൾക്കെതിരെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ ബഹു.ഹൈക്കോടതി മുൻപാകെ WP(c)Nos.5503,5851 & 24112/2022സമർപ്പിക്കുകയും 50% സീറ്റിൽ സർക്കാർ ഫീസ് എന്ന നിർദേശം കേരളത്തിൽ നടപ്പാക്കേണ്ടതില്ലെന്നും കമ്മീഷന്റെ മെമ്മോറാണ്ടത്തിൽപ്പറയുന്ന മറ്റു നിർദേശങ്ങൾ പാലിച്ച് ഫീസ് നിർണയിക്കുവാൻ ബഹു.ഹൈക്കോടതി ഉത്തരവായിട്ടുമുണ്ട് .സ്വാശ്രയ മെഡിക്കൽ കോളേജുകൾ 2022-23 അധ്യയന വർഷത്തിലെ ഫീസ് നിർണയവുമായി ബന്ധപ്പെട്ട് രേഖകൾ ഫീസ് നിയന്ത്രണ സമിതിയ്ക്ക് മുൻപാകെ സമർപ്പിക്കുന്ന മുറയ്ക്കാണ്,രേഖകൾ പരിശോധിച്ച് നിയമപ്രകാരമായ നിർദേശങ്ങൾക്കനുസരിച്ച് സമിതിയ്ക്ക് ഫീസ് നിർണയിക്കാനാകുക. |
| (ബി) | ഇല്ലെങ്കിൽ ഫീസ് നിർണയം വിദ്യാർത്ഥികളുടെ പ്രവേശനത്തിന് തടസം വരാതെ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | NMC/US(NMC)/Fee-Regulating Committee/2021-02നമ്പറായ നാഷണൽ മെഡിക്കൽ കമ്മീഷന്റെ 03/02/2022-ലെ ഓഫീസ് മെമ്മോറാണ്ടത്തിലെ നിർദേശങ്ങൾക്കെതിരെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ ബഹു.ഹൈക്കോടതി മുൻപാകെ WP(c)Nos.5503,5851 & 24112/2022സമർപ്പിക്കുകയും 50% സീറ്റിൽ സർക്കാർ ഫീസ് എന്ന നിർദേശം കേരളത്തിൽ നടപ്പാക്കേണ്ടതില്ലെന്നും കമ്മീഷന്റെ മെമ്മോറാണ്ടത്തിൽപ്പറയുന്ന മറ്റു നിർദേശങ്ങൾ പാലിച്ച് ഫീസ് നിർണയിക്കുവാൻ ബഹു.ഹൈക്കോടതി ഉത്തരവായിട്ടുമുണ്ട് .സ്വാശ്രയ മെഡിക്കൽ കോളേജുകൾ 2022-23 അധ്യയന |

| | | | |
|---|---|---|---|
| | | | വർഷത്തിലെ ഫീസ് നിർണയവുമായി ബന്ധപ്പെട്ട് രേഖകൾ ഫീസ് നിയന്ത്രണ സമിതിയ്ക്ക് മുൻപാകെ സമർപ്പിക്കുന്ന മുറയ്ക്കാണ്,രേഖകൾ പരിശോധിച്ച് നിയമപ്രകാരമായ നിർദേശങ്ങൾക്കനുസരിച്ച് സമിതിയ്ക്ക് ഫീസ് നിർണയിക്കാനാകുക. |

സെക്ഷൻ ഓഫീസർ